# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2668 19.12.2012 - ൽ മറുപടിക്ക്

## പൊന്നാനിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊന്നാനിയിൽ വാട്ടർ അതോറിറ്റി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതുമൂലം മൂന്ന് ലക്ഷത്തോളം ജനങ്ങൾ വേണ്ടത്ര ശുദ്ധീകരിക്കാത്ത ജലമാണ് ഉപയോഗിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊന്നാനിയിൽ ജലശുദ്ധീകരണ ശാലയില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. നിലവിൽ ഇൻഫിൽ- ട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് കുടിവെള്ള വിതരണം നടത്തുന്നത്. |
| (ബി) എങ്കിൽ ഭാരതപ്പുഴയിൽ നരിപ്പറമ്പ് പമ്പ് ഹൗസിന് സമീപം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) പൊന്നാനി നഗരസഭയ്ക്കു വേണ്ടി ജലശുദ്ധീകരണശാലയുൾപ്പെടെയുള്ള ഒരു കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (സി) പൊന്നാനിയിൽ ജലവിതരണത്തിന് മതിയായ സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം നൽകുന്നതിന് പുതിയ വിതരണ ശൃംഖല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) പൊന്നാനി നഗരസഭയ്ക്കു വേണ്ടി വിതരണശൃംഖലയുൾപ്പെടെയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ